<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 255</u> <u>01-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു<br><br>1) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നത്തിപ്പിനായി സ്കൂളുകളിൽ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അധ്യാപകരുടേയും രക്ഷകർത്താക്കളുടേയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സ്കൂൾതലത്തിൽ ടി പദ്ധ കാര്യക്ഷമമായി നടപ്പിലാക്കു വാനുള്ള ചുമതല പ്രസ്തുത കമ്മറ്റികളിൽ നിക്ഷിപ്തമാണ് .<br><br>2) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്കൂൾ മെറ്റിരിയൽ കോസ്റ്റ് എന്ന പേരിൽ തുക അനുവദിക്കുന്നു. കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീ നിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്.ടി പദ്ധ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യം (അരി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ മുഖാന്തിരം സ്കൂളുകൾക്ക് ലഭ്യമാക്കുന്നു.<br><br>3) പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭക്ഷണ, ന്യൂട്രിഷൻ നോംസ് സംബന്ധിച്ച കൃത്യമായ അറിയിപ്പ് എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4) ഉച്ചഭക്ഷണം പാചകം ചെയ്യു ന്നതിനായി എല്ലാ സ്കൂളുകളിലും പാചക തൊഴിലാളികളെ നിയമിക്കുകയും ടി തൊഴിലാളികൾക്ക് പ്രതിദിന 600/- രൂപ മുതൽ 675/- രൂപ വരെ ഓണറേറിയമായി നൽകുകയും ചെയ്യുന്നു.<br><br>5) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതി നാവശ്യമായ പച്ചക്കറി, പലവ്യഞ്ജനം, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ സർക്കാർ ഏജൻസികളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>6) വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ അടുക്കളപച്ചക്കറിത്തോട്ടം സജ്ജീകരിക്കുകയും അതിൽ നിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>7) ഉച്ച ഭക്ഷണം കുട്ടികൾക്ക് നൽകുന്നതിന് മുൻപായി ആയത് അധ്യാപകരും എസ്.എം.സ അംഗങ്ങളും<br>പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്നു.<br><br>8)ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ള ത്തിന്റെയു സാമ്പിളുകൾ റാൻഡം രീതിയിൽ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കി വരുന്നു. |
| (ബി) | വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ടുതവണ പാലും മുട്ടയും ഉൾപ്പടെ ഭക്ഷണം നൽകുന്നതിന് ഇപ്പോൾ സ്കൂളുകൾക്ക് ലഭിക്കുന്ന തുക പര്യാപ്തമാണോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് നിലവിൽ അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) അപര്യാപ്തമാണെന്ന് ചൂണ്ടികാട്ടികൊണ്ട് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു .പ്രസ്തുത പദ്ധതി നടത്തിപ്പിനായി കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീനിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്. |
| (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത് ടി പദ്ധതി നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യവും പദ്ധതി വിഹിതത്തിന്റെ 60 ശതമാനം തുകയും കേന്ദ്ര സർക്കാരിൽ നിന്നുമാണ് ലഭിക്കുന്നത് . നടപ്പ് വർഷം ടി പദ്ധതി വിഹിതമായ 293.54 കോടി രൂപയാണ് ലഭിയ്ക്കേണ്ടത്. എന്നാൽ 167.38 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.. രണ്ടാ ഗഡു കേന്ദ്ര വിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 2022 ഒക്ടോബ ഒന്നു മുതൽ മെറ്റീരിയൽ കോസ്റ്റിൽ 9.6% വർദ്ധനവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതം ഉൾപ്പെടെ പ്രൈമറി സ്കൂൾ വിഭാഗത്തിന്റെ മാൻഡേറ്ററി മെറ്റീരിയൽ കോസ്റ്റ് 4.97 രൂപയിൽ നിന്ന് 5.4 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45രൂപയിൽ നിന്ന് 8.17 രൂപയുമായാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. |
| (ഡി) | പൊതുവിപണിയിൽ ഭക്ഷ്യവസ്തുക്കളുടെയും ഗ്യാസിന്റെയും വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉച്ചഭക്ഷണ പദ്ധതിയ്ക്കായുള്ള തുക വർദ്ധിപ്പിച്ച് പദ്ധതി മുടക്കമില്ലാതെ നടപ്പിലാക്കുന്നതിന് വേണ്ടി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയ്ക്കായി അനുവദിച്ചുവരുന്ന മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) 01 -10 -2022 തീയതി പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ വർധിപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന കാര്യവും സപ്ളിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് സംസ്ഥാനത്ത് നൽകിവരുന്ന പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയുടെ ചെലവിനായി സ്കൂളുകൾക്ക് അനുവദിച്ചുവരുന്ന തുക വർധിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ